(സി) വിദേശ സഹായ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ ധനകാര്യ വകുപ്പിൽ നിലവിൽ സംവിധാനമില്ല. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു മോണിറ്ററിംഗ് കമ്മിറ്റി വിദേശ സഹായ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വാളയാർ മിഷൻ

119 (4110) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ മിഷന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകളാണ് വാളയാർ ചെക്ക്പോസ്റ്റിൽ പ്രവർത്തിക്കുന്നത്, വിശദാംശം നൽകുമോ ;

(ബി) മോട്ടോർ വാഹന വകുപ്പ് വാളയാർ മിഷന്റെ പരിധിയിൽ വരുന്നതാണോ, ഇല്ലെങ്കിൽ ഈ വകുപ്പിനെ ഉൾപ്പെടുത്താത്തത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളെയെല്ലാം സംയോജിത ചെക്ക് പോസ്റ്റ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വാളയാറിൽ വാണിജ്യ നികുതി, മോട്ടോർ വാഹനവകുപ്പ്, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റ് സംയോജിപ്പിച്ച് ഒരു സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) മോട്ടോർ വാഹനവകുപ്പിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മിയുടെ വർദ്ധനവ്

120 (4111) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മിയും യഥാർത്ഥ റവന്യൂ കമ്മിയും എത്ര വീതമായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മി എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ കണക്ക് ലഭിച്ച മാസം വരെയുള്ള റവന്യൂ കമ്മി എത്രയെന്നും പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി എത്രയാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂ കമ്മി, യഥാർത്ഥ റവന്യൂ കമ്മി എന്നിവയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം	യഥാർത്ഥ കമ്മി
2011-12	5471.66	8034.26
2012-13	3406.44	9351.44
2013-14	6208.35	11308.56

(ബി) ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി 7131.69 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പുവർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോഴുള്ള റവന്യൂ കമ്മി 6349.09 കോടി രൂപയാണ്. നടപ്പു സാമ്പത്തിക വർഷത്തേയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

പത്താം ശമ്പള കമ്മീഷൻ പ്രവർത്തനം

121 (4112) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ശമ്പളകമ്മീഷന്റെ കാലാവധി എന്നാണ് പൂർത്തീകരിക്കുന്നത്;

(ബി) നിലവിലുള്ള കാലാവധിക്കുള്ളിൽ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കാര്യങ്ങൾ ശമ്പള കമ്മീഷനുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(ഡി) ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly